**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **24-08-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി, സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നതിന് വേണ്ട സഹായങ്ങളും ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകിവരുന്നു. ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ബ്ലോക്ക് തലത്തിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി സംരംഭങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ *ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ* എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സംരംഭകർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സഹായങ്ങൾ നൽകുന്നതിനുമായി പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) | 867 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സംരംഭക വർഷം 2022-23-ന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 974 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചു. സംരംഭകർക്ക് കൈത്താങ്ങ് സഹായങ്ങൾ നല്കുന്നതിനായി പൂർണ്ണ സജ്ജമായ ഹെൽപ്പ് ഡെസ്കും പഞ്ചായത്ത് / മുനിസിപ്പാലിറ്റി – |

| | | | |
|---|---|---|---|
| | | | കളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതോടൊപ്പം താലൂക്ക് വ്യവസായ ഓഫീസിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഒരു റിസോഴ്സ് പേഴ്സണെ നിയമിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഏകോപനം ബ്ലോക്ക് തലത്തിലുള്ള വ്യവസായ വികസന ഓഫീസർമാർ വഴി നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഓരോ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ സംരംഭക ശില്പശാലകൾ നടത്തിയിട്ടുണ്ട്. തുടർന്ന് ലോൺ, സബ്സിഡി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് മേളകൾ നടത്തി വരുന്നുണ്ട്. ഇതിൽ പങ്കെടുക്കുന്ന സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട സഹായങ്ങൾ നൽകുന്നുണ്ട്.<br><br>സിഡ്കോയുടെ ഉടമസ്ഥതയിലുള്ള അത്താണി വ്യവസായ പാർക്കിൽ ലഭ്യമായിട്ടുള്ള 10 സെന്റ് ഭൂമി സംരംഭകന് അനുവദിക്കുന്നതിലൂടെ പുതിയ ഒരു സംരംഭം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ